# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1524

03.12.2018-ൽ മറുപടിക്ക്

## ഓഖി ദുരിതാശ്വാസ ഫണ്ട്

| | ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | ഉത്തരം<br>ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ഓഖി ദുരിതാശ്വാസ ഫണ്ടിൽ നിന്നും വാഗ്ദാനം ചെയ്ത 20 ലക്ഷം രൂപ എത്ര കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ടെന്നറിയിക്കാമോ ; | (എ) | ഓഖി ദുരന്തത്തിൽ മരിച്ചതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. |
| (ബി) | ഓഖി ദുരിതാശ്വാസ ഫണ്ടിൽനിന്ന് വകുപ്പിന് ആകെ ലഭിച്ച തുകയും അതിൽ നിന്നും 2018 നവംബർ 15 വരെ ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കാമോ ; | (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫിഷറീസ് വകുപ്പിന് മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 308.62 ലക്ഷം രൂപയും രണ്ടാംഘട്ടമായി മത്സ്യബന്ധനോപാധികൾ പൂർണ്ണമായി/ ഭാഗികമായി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 165.67 ലക്ഷം രൂപയും മൂന്നാം ഘട്ടമായി മത്സ്യബന്ധനോപാധികൾ പൂർണ്ണമായി/ ഭാഗികമായി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 180.03 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. രജിസ്ട്രേഷനോ ലൈസൻസോ ഇല്ലാത്ത മത്സ്യബന്ധനോപകരണങ്ങൾക്ക് 22.52 ലക്ഷം രൂപയും കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിന് 736 ലക്ഷം രൂപയും അനുവദിച്ചു. ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും കണ്ടെത്തുന്നതിന് 741.60 ലക്ഷം രൂപയും (10 ലക്ഷം രൂപ വീതം 72 പേർക്ക് 720 ലക്ഷം രൂപ, ഭരണ നിർവ്വഹണ ചെലവ് 3% 21.6 ലക്ഷം രൂപ) ഭാഗികമായി കേടുപറ്റിയ 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ റിപ്പയർ |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനായി 204 ലക്ഷം രൂപയും ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കൾക്ക് വിദ്യാഭ്യാസ ധനസഹായവും തൊഴിൽ പരിശീലനവും നൽകുന്നതിന് 1392 ലക്ഷം രൂപയും കടൽ സുരക്ഷാ സംവിധാനങ്ങളും കടൽ രക്ഷാ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനായി കടൽ സുരക്ഷ സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് 715 ലക്ഷം രൂപയും അനുവദിച്ചു. മത്സ്യത്തൊഴിലാളികൾക്ക് അപകട ഘട്ടങ്ങളിൽ ജീവൻ രക്ഷയ്ക്കായി ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യുന്നതിന് 610 ലക്ഷം രൂപയും അപകട മുന്നറിയിപ്പുകൾ 1500 കിലോ മീറ്റർ വരെ അകലത്തിലുള്ള മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സഹായിക്കുന്ന നാവിക് ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നതിന് 1593 ലക്ഷം രൂപയും ആഴക്കടലിൽ മത്സ്യബന്ധനത്തിന് ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സാറ്റ് ലൈറ്റ് ഫോൺ വാങ്ങുന്നതിന് 942.61 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>ഓഖി ദുരിതാശ്വാസ ഫണ്ടിൽ നിന്ന് വകുപ്പിനു ലഭിച്ച തുകയിൽ മത്സ്യബന്ധനോപാധികൾ പൂർണ്ണമായും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 308 ലക്ഷം രൂപയും അതിന് ശേഷം മത്സ്യബന്ധനോപാധികൾ പൂർണ്ണമായി/ ഭാഗികമായി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 165 ലക്ഷം രൂപയും കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് 3 മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിന് 136 ലക്ഷം രൂപയും ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും മക്കൾക്ക് വിദ്യാഭ്യാസ ധനസഹായവും തൊഴിൽ പരിശീലനവും നൽകുന്നതിന് 2037 വർഷം വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയിൽ ആദ്യ വർഷം |

| | | | |
|---|---|---|---|
| | | | ആവശ്യമായ 56.95 ലക്ഷം രൂപയും 2018 നവംബർ 15 വരെ ഫിഷറീസ് വകുപ്പ് മുഖേന ചെലവഴിച്ചിട്ടുണ്ട്. |
| (സി) | വാഗ്ദാനം ചെയ്ത തുകയ്ക്ക് പകരം 5 വർഷങ്ങൾക്കുശേഷം മാത്രം പിൻവലിക്കാവുന്ന ട്രഷറി നിക്ഷേപ സർട്ടിഫിക്കറ്റുകൾ നൽകിയതുമൂലം പ്രസ്തുത കുടുംബങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ? | (സി) | ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ട്രഷറികളിൽ ആശ്രിതരുടെ/അവകാശികളുടെ പേരിൽ നിക്ഷേപിച്ച തുക ആശ്രിതരായ പെൺമക്കളുടെ വിവാഹ ആവശ്യത്തിനായി വിവാഹിതയാകാൻ പോകുന്ന പെൺകുട്ടിയുടെ പേരിലുള്ള വിഹിതവും പ്രായപൂർത്തിയായ സഹോദരൻമാരുടെ വിഹിതവും അവരുടെ സമ്മതത്തോടുകൂടി പിൻവലിക്കാനുള്ള അനുമതി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ